**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1296

04.12.2014-ലെ മറുപടിക്ക്

**കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി കല്ലട ഇറിഗേഷൻ വക ഭൂമി കൈമാറി കിട്ടുന്നതിലെ റവന്യൂ വകുപ്പുതല നടപടികൾ ഏതു ഘട്ടത്തിലാണ്; (ബി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭൂമി കൈമാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിനായി ശുപാർശ ചെയ്തിരുന്ന കല്ലട ഇറിഗേഷൻ വക ഭൂമി 22.12.2000-ലെ സ.ഉ(എം.എസ്) നം. 387/റവന്യൂ/ആർ.ഡി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ ഭൂമിയാക്കി മാറ്റുകയും ആയത് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ 30.10.2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**